# പതിനാലാം കേരള നിയമസഭ

## ബുള്ളറ്റിൻ ഭാഗം - 2

## 2021 ജനുവരി 16

**നമ്പർ : 944**

**<u>കസ്റ്റംസ് പ്രിവന്റീവ് കമ്മീഷണർ ഉൾപ്പെടെയുള്ളവർക്കെതിരെ ശ്രീ രാജു എബ്രഹാം എം.എൽ.എ നൽകിയ അവകാശ ലംഘന നോട്ടീസ് പ്രിവിലേജസ്, എത്തിക്സ് എന്നിവ സംബന്ധിച്ച കമ്മിറ്റിക്ക് റഫർ ചെയ്തത് സംബന്ധിച്ച്</u>**

കേരള നിയമസഭ സ്പീക്കറുടെ കാര്യാലയത്തിലെ അസിസ്റ്റന്റ് പ്രൈവറ്റ് സെക്രട്ടറിയെ ചോദ്യം ചെയ്യുന്നതിനായി നോട്ടീസ് നൽകിയ വിഷയത്തിൽ ബന്ധപ്പെട്ട കസ്റ്റംസ് ഉദ്യോഗസ്ഥർ നിയമസഭാ സെക്രട്ടറിക്ക് നൽകിയ കത്ത് മാധ്യമങ്ങൾക്ക് ബോധപൂർവ്വം ചോർത്തി നൽകുകയുണ്ടായെന്നും, പ്രസ്തുത കത്തിൽ സഭാ ചട്ടം വ്യാഖ്യാനിക്കുന്നതിനെയും നടപ്പാക്കുന്നതിനെയും സംബന്ധിച്ച് നിർദ്ദേശരൂപേണയുള്ള പരാമർശങ്ങൾ ഉണ്ടായിരുന്നുവെന്നും ഇങ്ങനെ ചെയ്യുക വഴി കസ്റ്റംസ് ഉദ്യോഗസ്ഥർ സഭയുടെ പ്രത്യേകാവകാശത്തെ ഹനിച്ചിരിക്കുകയാണെന്നും കാണിച്ച് കസ്റ്റംസ് ഉദ്യോഗസ്ഥരായ ശ്രീ. എം. വസന്തഗണേശൻ, ശ്രീ. സുമിത്ത് കുമാർ, ശ്രീ. കെ. സലിൽ എന്നിവർക്കെതിരെ ശ്രീ. രാജു എബ്രഹാം എം.എൽ.എ നൽകിയ അവകാശ ലംഘന നോട്ടീസ് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 159 അനുസരിച്ച് അന്വേഷണത്തിനും റിപ്പോർട്ടിനുമായി ബഹു. സ്പീക്കർ പ്രിവിലേജസ്, എത്തിക്സ് എന്നിവ സംബന്ധിച്ച കമ്മിറ്റിക്ക് 14.01.2021-ന് റഫർ ചെയ്തിരിക്കുന്നു.

എസ്.വി ഉണ്ണികൃഷ്ണൻ നായർ
സെക്രട്ടറി.